നമ്പർ : 2212/പി1/2016 19-07-2017

പ്രസിദ്ധീകരണത്തിന്:

# കേരള സംഗീത നാടക അക്കാദമി
# പ്രവാസി അമേച്വർ നാടകമത്സരത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു

കേരള സംഗീത നാടക അക്കാദമി നടത്തുന്ന പ്രവാസി അമേച്വർ നാടകമത്സരത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു. ബാംഗ്ളൂർ, മുംബൈ, ഡൽഹി, കൽക്കട്ട എന്നീ നാലു മേഖലകളിലാണ് ഒക്ടോബർ - നവംബർ മാസങ്ങളിൽ മത്സരം സംഘടിപ്പിക്കുക. നല്ല അവതരണത്തിനും, നടനും, നടിക്കും അഖിലേന്ത്യാതലത്തിൽ ഒരു അവാർഡും, മേഖലാതലത്തിൽ മൂന്ന് അവാർഡുകളും, സംവിധായകൻ, രചയിതാവ് എന്നിവർക്ക് അഖിലേന്ത്യാതലത്തിൽ ഒരു അവാർഡുമാണ് നല്കുന്നത്. അവതരിപ്പിച്ചിട്ടില്ലാത്തതും പ്രക്ഷേപണം ചെയ്തിട്ടില്ലാത്തതുമായ പുതിയ നാടകരചനകളും നോവൽ, ചെറുകഥ, കവിത, വിദേശ നാടകങ്ങൾ എന്നിവയുടെ പുതിയ നാടകരൂപങ്ങളും മത്സരത്തിൽ പങ്കെടുപ്പിക്കും. സംവിധായകൻ, രചയിതാവ് എന്നിവർ പ്രവാസികളാകണമെന്ന നിർബന്ധമില്ലെങ്കിലും പ്രവാസികളെ മാത്രമെ ഈ അവാർഡിന് പരിഗണിക്കുകയുള്ളൂ. നാടകത്തിന്റെ അവതരണ ദൈർഘ്യം 60 മുതൽ 90 മിനിട്ട് വരെയായിരിക്കും. നാടകമത്സരത്തിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷയും സ്ക്രിപ്റ്റും (3 കോപ്പി വീതം) 2017 ആഗസ്റ്റ് 31നകം അക്കാദമി മേഖലാ സമിതികൾ മുഖേന സമർപ്പിക്കേണ്ടതാണ്. നാടക മത്സരങ്ങൾ ഒക്ടോബർ - നവംബർ മാസങ്ങളിൽ അതാതു മേഖലാ ആസ്ഥാനങ്ങളിൽ നടത്തുന്നതായിരിക്കും.

എൻ.രാധാകൃഷ്ണൻ നായർ
സെക്രട്ടറി
കേരള സംഗീക നാടക അക്കാദമി

‘